# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE: 18.07.2025** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. ദരിദ്രരുടെ ഉന്നമനമാണ് കേന്ദ്ര സർക്കാറിന്റെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബീഹാറിലും പശ്ചിമ ബംഗാളിലും വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.

   **Prime Minister Narendra Modi said that the aim of the central government is the upliftment of the poor. The Prime Minister launched various development projects in Bihar and West Bengal.**

2. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനായി യുവാക്കളുടെ സജീവ പങ്കാളിത്തം അനിവാര്യമെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ.

   **Union Minister Piyush Goyal said that the active participation of youth is essential to build a Viksit Bharat.**

3. രാജ്യത്തെ സർഗാത്മക വ്യവസായങ്ങളുടെ വളർച്ചയ്ക്ക് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Minister Ashwini Vaishnav said that the government is committed to the growth of creative industries in the country.**

4. കൊല്ലം തേവലക്കര സ്കൂളിൽ വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ സുരക്ഷാ വീഴ്ച വരുത്തിയവർക്കെതിരെ നടപടിയെടുക്കുമെന്ന് മന്ത്രി വി.ശിവൻകുട്ടി.

**Minister V. Sivankutty said that action will be taken against those who lapse into safety in the incident of a student being shocked to death at the Thevalakkara School in Kollam.**

5. കേരളത്തിൽ ശക്തമായ മഴ തുടരുന്നു. നാളെ അഞ്ച് ജില്ലകളിൽ ചുവപ്പ് ജാഗ്രത.

**Heavy rain continues in Kerala. Red alert in five districts tomorrow.**

6. യുണൈറ്റഡ് വേൾഡ് റെസ്‌ലിംഗ് റാങ്കിംഗ് സീരീസ് മത്സരങ്ങളിൽ ഇന്ത്യക്കായി ഈ വർഷത്തെ ആദ്യ സ്വർണ മെഡൽ നേടി സുജീത് കൽക്കൽ.

**Sujeet Kalkal won the first gold medal for India this year in the United World Wrestling Ranking Series competitions.**

*****************************************

## PM-WB EARLY

പശ്ചിമ ബംഗാളിലെ ദുർഗാപൂരിൽ 5,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു. പദ്ധതികൾ പശ്ചിമബംഗാളിലെ കണക്റ്റിവിറ്റിയെ മെച്ചപ്പെടുത്തുകയും വാതക അധിഷ്ഠിത സമ്പദ് വ്യവസ്ഥയെ പിന്തുണയ്ക്കുകയും ചെയ്യുമെന്ന് ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യവെ പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ തൊഴിൽ ശക്തിയുടെ പ്രധാന കേന്ദ്രമാണ് ദുർഗാപൂരെന്നും ശ്രീ മോദി കൂട്ടിച്ചേർത്തു.

*****************************************

## BIHAR PM VISIT (INTRO)

പിന്നോക്ക മേഖലകളുടെ മാത്രമല്ല, പിന്നാക്ക വിഭാഗങ്ങളുടെയും വികസനത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദരിദ്രരുടെ ഉന്നമനം സാധ്യമാക്കുക എന്ന ദൃഢനിശ്ചയത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ബീഹാർ മോത്തിഹാരിയിലെ പൊതുയോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

(ഹോൾഡ്)

100 പിന്നാക്ക ജില്ലകൾക്കായി ഒരു അഭിലാഷ ജില്ലാ പരിപാടി ആരംഭിച്ചതായും 100 ജില്ലകളുടെ കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പി.എം ധൻ ധാന്യ പദ്ധതി ആരംഭിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. കിഴക്കൻ സംസ്ഥാനങ്ങളുടെ വികസനം സാധ്യമാകാതെ ഇന്ത്യക്ക് വികസിത രാജ്യമാകാൻ കഴിയില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ബിഹാറിൽ 7,200 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു.

****************************************

## GOYAL-CONFERENCE

അമൃത് കാലത്തിലേക്കുള്ള അഞ്ച് പ്രതിജ്ഞകളിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി വിഭാവനം ചെയ്യതുപോലെ 2047 ഓടെ ഒരു വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനായി യുവാക്കൾ സജീവമായി സംഭാവന നൽകണമെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ. നോയിഡയിൽ ഇന്ത്യയുടെ International Movement to Unite Nations സമ്മേളനം ഉദ്ഘാടനം ചെയ്യു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ ഒരു വലിയ പരിവർത്തനത്തിന്റെ പാതയിലാണെന്നും രാഷ്ട്രനിർമ്മാണത്തെ

ഒരു കടമയായും അംഗീകാരമായും കണ്ട് എല്ലാ ജോലികളും പ്രതിബദ്ധതയോടെയും സമർപ്പണത്തോടെയും നിർവഹിക്കണമെന്നും അദ്ദേഹം യുവാക്കളോട് ആവശ്യപ്പെട്ടു. വ്യക്തികളുടെയും രാജ്യത്തിന്റെയും ഭാവി രൂപപ്പെടുത്തുന്നതിൽ അധ്യാപകരുടെ പങ്ക് നിർണായകമാണെന്നും പരിപാടിയിൽ സംസാരിക്കവെ അദ്ദേഹം പറഞ്ഞു.

****************************************

## JAISHANKAR

ഭീകരതയ്ക്കും വിഭാഗീയതയ്ക്കും എതിരെ നിലകൊള്ളുക എന്ന ലക്ഷ്യം കൂടി ഷാങ്ഹായ് സഹകരണ സംഘടനയ്ക്കുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ചൈനയിലെ ടിയാൻജിനിൽ SCO വിദേശകാര്യമന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജമ്മു കശ്മീരിലെ വിനോദസഞ്ചാര മേഖലയെ തകർക്കുകയെന്ന ലക്ഷ്യവും പഹൽഗാം ഭീകരാക്രമണത്തിന് പിന്നിലുണ്ടെന്നും ശ്രീ.ജയശങ്കർ പറഞ്ഞു.

****************************************

## MALHOTRA HIGHWAYS SUMMIT

രാജ്യത്ത് ലോകോത്തര നിലവാരവുമുള്ള റോഡ്, ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിലാണ് സർക്കാർ ശ്രദ്ധ പുലർത്തുന്നതെന്ന് കേന്ദ്ര സഹമന്ത്രി ഹർഷ് മൽഹോത്ര. 2014-ൽ 91,000 കിലോമീറ്ററായിരുന്ന രാജ്യത്തെ ദേശീയ പാത ശൃംഖല ഇന്ന് 1.46 ലക്ഷം കിലോമീറ്ററായി വികസിച്ചുവെന്നും ലോകത്തിലെ രണ്ടാമത്തെ എറ്റവും വലിയ റോഡ് ശൃംഖലയായി മാറിയെന്നും അദ്ദേഹം പറഞ്ഞു. ഡൽഹിയിൽ നടന്ന റോഡ് ആൻഡ് ഹൈവേ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

****************************************

## SC- JUSTICE VARMA

ഔദ്യോഗിക വസതിയിൽ അനധികൃതമായി പണം കണ്ടെത്തിയതുമായി ബന്ധപ്പെട്ട ആഭ്യന്തര അന്വേഷണ സമിതി റിപ്പോർട്ടിനെതിരെ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമ സുപ്രീംകോടതിയെ സമീപിച്ചു. തനിക്കെതിരെ നടപടിയെടുക്കാൻ അന്നത്തെ ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും അയച്ച കത്ത് റദ്ദാക്കണമെന്നാണ് ഹർജിയിലെ ആവശ്യം. ഇംപീച്ച്മെന്റ് പ്രമേയം പാർലമെന്റിൽ അവതരിപ്പിക്കാനിരിക്കെയാണ് ജഡ്ജി സുപ്രീംകോടതിയെ സമീപിച്ചത്.

*************************************

## KOLLAM THEVALAKKARA - MINISTERS VISIT

കൊല്ലം തേവലക്കരയിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥിയായ മിഥുന്റെ വീട് മന്ത്രിമാരായ ശിവൻകുട്ടിയും കെ.എൻ.ബാലഗോപാലും സന്ദർശിച്ചു. സ്കൂളിൽ ആവശ്യമായ സുരക്ഷാ മുൻകരുതൽ ഒരുക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി ശിവൻകുട്ടി പറഞ്ഞു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. ദുരന്തം നടന്ന സ്കൂളും ഇരുവരും സന്ദർശിച്ചു. മിഥുൻറെ സംസ്കാരം നാളെ നടക്കും.

*************************************

## GOVT - ALL PARTY MEETIN

പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് ഈ മാസം 21 ന് തുടക്കമാകും. സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം മറ്റന്നാൾ ചേരും. വർഷകാല സമ്മേളനം അടുത്ത മാസം 21 വരെ തുടരും.

***************************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാമം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലും ഈ മാസം 25 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

***************************************

## IICT CAMPUS (INTRO)

രാജ്യത്തെ യുവജനതയെ ശാക്തീകരിക്കുന്നതിലൂടെ സർഗാത്മക വ്യവസായങ്ങളുടെ വളർച്ചയ്ക്ക് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. മുംബൈയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജിയുടെ ആദ്യ കാമ്പസിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ആഗോള സർഗാത്മക സാങ്കേതിക സമ്പദ് വ്യവസ്ഥയിൽ രാജ്യത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജിയെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ സർഗാത്മക സമ്പദ് വ്യവസ്ഥയുടെ ഭാഗമായി പ്രവർത്തിക്കുന്നവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണെന്നും ശ്രീ അശ്വിനി വൈഷ്ണവ് കൂട്ടിച്ചേർത്തു.

( ഹോൾഡ് )

***************************************

## WAVES OTT FILM

പ്രസാർ ഭാരതിയുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമായ WAVES OTT ൽ, അതിന്റെ ഫീച്ചർ ഫിലിമായ ഡെല്ല ബെല്ലാ ബദ്ലെഗി കഹാനി-യുടെ ആദ്യ പ്രദർശനം ന്യൂഡൽഹിയിലെ ആകാശവാണി ഭവനിൽ നടന്നു. പൈതൃകവും ഡിജിറ്റൽ നവീകരണവും സമന്വയിപ്പിക്കുന്ന ഇന്ത്യയിലെ ഏക പൊതു സേവന സ്ട്രീമിംഗ് പ്ലാറ്റ്ഫോമാണ് WAVES OTT എന്ന് ചടങ്ങിൽ സംസാരിച്ച പ്രസാർ ഭാരതി ചെയർമാൻ നവനീത് സെഹ്ഗാൾ പറഞ്ഞു. ഡോക്യുമെന്ററികൾ, റേഡിയോ പരിപാടികൾ, ഡിഡി ആർക്കൈവുകൾ, ലൈവ് ടിവി, ഓൺലൈൻ ഷോപ്പിംഗ്, വിനോദം, വാർത്തകൾ, എന്നിവയും പ്ലാറ്റ്ഫോമിൽ ഉണ്ടായിരിക്കും.

****************************************

## OOMMEN CHANDY – RAHUL GANDHI

ഉമ്മൻചാണ്ടിയുടെ രണ്ടാം ചരമവാർഷികത്തോട് അനുബന്ധിച്ച് കെപിസിസിയുടെ നേതൃത്വത്തിൽ കോട്ടയം പുതുപ്പള്ളിയിൽ സംഘടിപ്പിച്ച സ്മൃതി സംഗമം ലോകസ്ഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉദ്ഘാടനം ചെയ്തു. പുതുപ്പള്ളി സെന്റ് ജോർജ്ജ് പള്ളിയിലെ ഉമ്മൻചാണ്ടിയുടെ കബറിടത്തിൽ അദ്ദേഹം പുഷ്പാർച്ചന നടത്തി. ഉമ്മൻചാണ്ടി ഫൗണ്ടേഷൻ നിർമ്മിച്ച 12 വീടുകളുടെ താക്കോൽ ദാനവും നിർവഹിച്ചു. തുടർന്ന് തിരുവനന്തപുരത്ത് എത്തിയ ശ്രീ രാഹുൽ ഗാന്ധി മുതിർന്ന നേതാവ് എ കെ ആന്റണിയേയും അന്തരിച്ച മുൻ കെപിസിസി പ്രസിഡൻറ് തെന്നല ബാലകൃഷ്ണപിള്ളയുടെ കുടുംബാംഗങ്ങളെയും സന്ദർശിച്ചു. കേരള സന്ദർശനം പൂർത്തിയാക്കി വൈകുന്നേരം രാഹുൽ ഗാന്ധി ഡൽഹിക്ക് മടങ്ങി.

****************************************

## RAIN KERALA

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. നാളെ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയുണ്ട്.

****************************************

## WRESTLING

ഹംഗറിയിൽ നടക്കുന്ന ഗുസ്തി ടൂർണമെന്റിൽ 65 കിലോഗ്രാം പുരുഷ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ ഇന്ത്യയുടെ സുജീത് കൽക്കൽ സ്വർണ്ണ മെഡൽ നേടി. അസർബൈജാൻ താരത്തെയാണ് സുജീത് പരാജയപ്പെടുത്തിയത്. ഈ വർഷത്തെ യുണൈറ്റഡ് വേൾഡ് റെസ്‌ലിംഗ് റാങ്കിംഗ് സീരീസ് മത്സരങ്ങളിലെ രാജ്യത്തിൻറെ ആദ്യ സ്വർണ്ണ മെഡലാണിത്.

****************************************

## GEORGE KURIAN

രാജ്യ പുരോഗതിയുടെ കാര്യത്തിൽ രാഷ്ട്രീയം മറന്ന് ഏവരും ഒറ്റക്കെട്ടായി നിൽക്കണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. മലപ്പുറം നിലമ്പൂരിലെ അമൽ കോളേജിൽ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം അനുസരിച്ചുള്ള വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യ പുരോഗതിക്കായി ഒരുമിച്ച് പ്രവർത്തിക്കാൻ സമൂഹത്തെ പ്രേരിപ്പിക്കേണ്ടത് യുവാക്കളാണെന്നും അദ്ദേഹം പറഞ്ഞു.

******************************************************************************
****************************************